താനാളൂർ ഗ്രാമ പഞ്ചായത്ത്

ബഡ്ജറ്റ് പ്രസംഗം

2026-2027

അവതാരിക:ശ്രീമതി.കെ ഫാത്തിമബീവി

(വൈസ് പ്രസിഡന്റ്)

താനാളൂർ ഗ്രാമപഞ്ചായത്ത് നിലവിലെ ഭരണസമിതിയുടെ പ്രഥമ വാർഷിക ബഡ്ജറ്റിന്റെ അവതരണ യോഗത്തിലേക്ക് എത്തിച്ചേർന്ന നിങ്ങളേവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. 2025-2026 വർഷത്തെ ബഡ്ജറ്റ് വിഭാവനം ചെയ്ത പ്രവർത്തനങ്ങളിൽ ഭൂരിഭാഗം പ്രവർത്തനങ്ങളും പരിസമാപ്തിയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. സമയ ബന്ധിതമായി പ്രോജക്ടുകൾ ആവിഷ്കരി ക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും ആസൂത്രണസമിതിയംഗങ്ങളുടേയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടേയും ഗ്രാമസഭാംഗങ്ങളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും എന്റെ സഹപ്രവർത്തകരായ ഭരണസമിതിയംഗങ്ങളുടേയും നിർലോഭമായ സഹകരണം ലഭ്യമായിക്കൊണ്ടിരിക്കുന്നു എന്നത് ഈ അവസരത്തിൽ ഏറെ നന്ദി പൂർവ്വം സ്മരിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യകതകളെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് സർവ്വാശ്ലേഷിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക എന്നത് ഏറെ ക്ലേശകരമാണ്. എങ്കിലും മേൽപറഞ്ഞ കൂട്ടായ്മയുടെ പിൻബലത്തിൽ നമുക്ക് ഏറെ ദൂരം പിന്നിടാൻ കഴിയുന്നു എന്നത് കൂടുതൽ ശോഭനമായ ഭാവി പ്രവർത്തനങ്ങൾക്ക് ഏറെ ഊർജ്ജദായക മാകുന്നതാണ്.

പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തി നമ്മുടെ ഗ്രാമപ്രദേശത്ത് കർഷകരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും പാർശ്വവൽക്കരിക്കപ്പെട്ട വരുടേയും തൊഴിൽ രഹിതരുടേയും ഉന്നമനത്തിനുതകുന്ന നിരവധി പദ്ധതികൾ കൂട്ടായ്മയിലൂടെ ആവിഷ്കരിട്ടുണ്ട്. ജാഗ്രതാസമിതി, അക്ഷരക്കൂട്ടം സമഗ്രവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി ക്വാളിറ്റി ഫിസിക്കൽ എജ്യുക്കേഷണൽ പ്രോഗ്രാം, ബാലസഭാകുട്ടികൾക്കായി നടപ്പിലാക്കിയ അജമിത്രം, ദുർബലർക്കും നിരാലംബർക്കും നിയമസഹായമൊരുക്കുന്ന ജാഗ്രതാസമിതി തുടങ്ങി നിരവധി പദ്ധതികൾ ജില്ലയ്ക്കും സംസ്ഥാനത്തിനും മാതൃകയാകുംവിധം ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വികസന ലക്ഷ്യം മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന ഭരണ സാധിക്കു മെന്നും ഉറപ്പുണ്ട്.

സ്ത്രീശാക്തീകരണരംഗത്ത് താനാളൂർ ഗ്രാമ പഞ്ചായത്ത് നടത്തിവരുന്ന ഇടപെടലുകൾ അഭിമാനകരമാണ്. അടുത്ത സാമ്പത്തിക വർഷത്തിലും ഭരണ സമിതിയുടെ ഐകകണ്ഠേനയുള്ള കൂട്ടായ്മയിലൂടെ നമ്മുടെ ഗ്രാമത്തിന്റെ സാർവ്വതോന്മുഖമായ വികസനത്തിനുതകുന്ന പ്രവർത്തനങ്ങൾ നമ്മൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. സ്ഥായിയായ തൊഴിലും സ്ഥിരവരുമാനവും ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും സാധ്യമാകൂ. വിജ്ഞാനതൊഴിൽ മേഖലയിലെ തൊഴിലില്ലായ്മ അനുഭവിക്കുന്ന യുവജനങ്ങൾ നമ്മുടെ ഗ്രാമത്തിലും നിരവധിയുണ്ട് എന്നത് വിസ്മരിക്കാവുന്നതല്ല.നമ്മുടെ പരുദീസയായിരുന്ന ഗൾഫ് നാടുകളിൽ നിന്നും തൊഴിൽ അവസരങ്ങൾ കുറഞ്ഞ് വരുന്ന സാഹചര്യത്തിലും നിലവിലെ തൊഴിൽ നഷ്ടപെട്ട് പ്രവാസികൾ തിരിച്ചെത്തുന്ന സാഹചര്യത്തിലും, ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ

സംരംഭങ്ങളുടെ വ്യാപനത്തിലൂടെ മാത്രമേ നമുക്ക് സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ സാധിക്കൂ.

മാലിന്യസംസ്കരണ രംഗത്ത് കുടുംബശ്രീ സംരംഭമായി ഹരിതകർമ്മസേന രൂപീകരിച്ച് വാതിൽപ്പടി ശേഖരണം നടത്തുവാൻ സാധ്യമായിട്ടുണ്ട്. നിലവിലെ ഭരണ സമിതി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഭരണ സമിതിയുടെ തുടക്കത്തിലെ ഉയർത്തി പിടിക്കുന്ന "തിളങ്ങും താനാളൂർ ക്ലീൻ താനാളൂർ" എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി എല്ലാവരുടെയും നിസീമമായ സഹകരണം ഞാൻ പ്രതീക്ഷിക്കട്ടെ.

ജൈവമാലിന്യ പരിപാലന രംഗത്ത് നമുക്ക് മുന്നോട്ട് പോകുന്നതിന് ഇനി വളരെയേറെ കടമ്പകൾ കടക്കേണ്ടതുണ്ട്. ആയതിനാൽ മാലിന്യ സംസ്ക്കരണത്തിന് പ്രഥമ പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയിലെ പുരോഗതി വളരെ പ്രാധാന്യത്തോടെ ഈ ഭരണ സമിതി നോക്കി കാണുന്നു. കുഴി റകുപ്പുമായി ബന്ധപ്പെട്ട് ഉല്പാദന ക്ഷമമായ പദ്ധതികൾ നടപ്പിലാക്കുക എന്നത് പഞ്ചായത്തിന്റെ പ്രഥമ പരിഗണനയിൽപ്പെട്ട കാര്യമാണ്. ജനങ്ങൾക്ക് ഉപകുന്നതും വിപണന സാധ്യതയുള്ളതുമായ കാർഷിക ഉല്പന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിപണനം നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്.

ഉല്പാദന മേഖലയെ പരിപോഷിപ്പിക്കുന്നതോടൊപ്പം സേവന മേഖലയിലും അർഹിക്കുന്ന പ്രാധാന്യത്തോടെ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഭരണ സമിതി മനസ്സിലാക്കുന്നു. പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങൾ സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ ഇവരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഈ ബഡ്ജറ്റിൽ അർഹമായ പ്രാധാന്യം അർഹിക്കുന്നു.

ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടത് പശ്ചാത്തല മേഖലക്കാണെന്ന കാര്യത്തിൽ എതിരഭിപ്രായം ഉണ്ടാകാൻ ഇടയില്ല. നിലവിൽ നമ്മുടെ ഗ്രാമീണ റോഡുകളുടെ സ്ഥിതി നിങ്ങൾക്ക് ഏവർക്കും അറിവുള്ളതാണല്ലോ. ജൽജീവൻ മിഷന്റെ നിർമാണവുമായി ബന്ധപ്പെട്ട ഗ്രാമീണ റോഡുകളിൽ സിംഹഭാഗവും തകർന്ന് തരിപ്പണമായാണ് കിടക്കുന്നത് എന്നത് വസ്തുതയാണല്ലോ. എങ്കിലും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഇനിയുമേറെ മുന്നോട്ട് പോകാനുണ്ട്. ഇത്തരത്തിലുള്ള ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ നമ്മൾ അഭിമുഖീകരിക്കുമ്പോൾ പോലും താനാളൂരിന്റെ ക്ഷേമവും ഐശ്വര്യവും മുൻ നിർത്തി ഒരു നാളേക്ക് പുതുയുഗം പുതു വസന്തം എന്ന പരമമായ ലക്ഷ്യത്തിലേക്ക് നമുക്ക് മുന്നേറാം എന്ന പ്രാർത്ഥനയോടെ 2026 27 സാമ്പത്തിക വർഷത്തെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റ് നിങ്ങളുടെ മുന്നിലേക്ക് സമർപ്പിക്കുന്നു.

ഈ ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരിച്ച എന്റെ രേണ സമിതി, ഉദ്യോഗസ്ഥർ, ഘടക സ്ഥാപന മേധാവികൾ, പ്രത്യക്ഷമായും പരോക്ഷമായും പങ്കെടുത്ത എല്ലാവർക്കും നിസീമമായ എന്റെ നന്ദി രേഖപ്പെടുത്തുന്നു.

ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ സാധ്യമായത് സേനയുടെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്. അജൈവമാലിന്യശേഖരത്തിൽ ജില്ലയിലെ മുൻനിരപഞ്ചായത്തുകളുടെ ഗ്രൂപ്പിൽ ഇടംപിടിക്കാൻ സാധ്യമായത് ഹരിതകർമ്മസേനാംഗങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രമാണ്. അജൈവമാലിന്യപരിപാലനരംഗത്ത് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി എം.സി.എഫിൽ ആവശ്യമായ വേയിംഗ് മെഷിൻ,ഫയർ എക്സ്റ്റിംഗ്യൂഷർ, ഇലക്ട്രിഫിക്കേഷൻ, ജല ലഭ്യത, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വലിയപാടം വട്ടത്താണി റോഡിലും എം.സി.എഫിലും സി.സി.ടിവികൾ സ്ഥാപിക്കൽ, പൊതു സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്തുകളും ബിന്നുകളും സ്ഥാപിക്കൽ എന്നിവക്കും പദ്ധതി നിലവിലുണ്ട്. ജൈവമാലിന്യ പരിപാലത്തിനായി ഉപാധികൾ നല്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വീടുകളും സ്ഥാപനങ്ങളും കൃത്യമായി അജൈവപാഴ്വസ്തുക്കൾ ഹരിതകർമ്മസേനയ്ക്ക് യൂസർഫീസ് സഹിതം നല്കുകയും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യസംസ്കരണ ഉപാധികൾ സാധ്യമാകുകയും ചെയ്യുമ്പോഴാണ് ശുചിത്വ ഗ്രാമമായി നമ്മുടെ ഗ്രാമത്തെ മാറ്റാൻ കഴിയൂ. തിളങ്ങും താനളൂർ-ക്ലീൻ താനളൂർ നമ്മുടെ പ്രഖ്യാപിത നയമായതുകൊണ്ടുതന്നെ 100 ശതമാനം യൂസർഫീ കളക്ഷൻ ലക്ഷ്യമാക്കുന്നതിന് കടുത്ത നടപടികളുമായി മുന്നോട്ട് പോകേണ്ടതായി വരുമെന്നതിൽ സംശയമില്ല. നവകേരള സദസ്സിന്റെ ഭാഗമായി നമ്മൾ നടത്തിയ വികസനസദസ്സുകളിൽ നിന്നും ഗ്രാമത്തിന്റെ വികസനത്തിനുതകുന്ന നിരവധി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. ആസൂത്രണസമിതിയംഗങ്ങളുടേയും ഗ്രാമസഭകളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രത്യേക ഗ്രാമസഭകളുടേയും വികസന സെമിനാറിലേയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് താനാളൂർ ഗ്രാമ പഞ്ചായത്തിലെ ആബാല വൃദ്ധം ജനങ്ങളുടേയും ക്ഷേമവും ഐശ്വര്യവും സന്തോഷവും വർദ്ധിപ്പിക്കുന്നതിനും ദുർബലർക്കും നിരാലംബർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കരുതലും പരിഗണനയും നൽകുന്നതിനും ഉതകും വിധവും തൊഴിൽ സംരംഭങ്ങൾക്കും ഭവന നിർമ്മാണത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും മാലിന്യപരിപാലനത്തിനും മുഖ്യപ്രാമുഖ്യം നല്കും വിധവും ഇന്ത്യൻ രേണ ഘടന അനുശാസിക്കും വിധം സമത്വവും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ഉറപ്പുവരുത്തുന്നതിനുതകുന്ന ബഡ്ജറ്റാണ് നിങ്ങൾക്കുമുമ്പാകെ സമർപ്പിക്കുന്നത്. വിവിധ തലങ്ങളിൽ സംഘടിപ്പിച്ച യോഗങ്ങളിൽ നിന്നും കുട്ടായ്മകളിൽനിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങളും സ്ഥാപനമേധാവികളുടെ നിർദ്ദേശങ്ങളും ലഭ്യമാകുന്ന വിഭവസ്രോതസ്സുകളും ഉൾച്ചേർത്തുകൊണ്ട് സാമൂഹ്യനീതിയിലധിഷ്ഠിത പ്രാദേശിക വികസനമെന്ന ലക്ഷ്യം മുൻനിറുത്തിയാണ്

ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റിൽ മുൻനാക്കി **93,22698/-**രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) ഉൾപ്പടെ **460,753,476/-** (നാൽപത്തിയാറ് കോടി ഏഴ് ലക്ഷത്തി അൻപത്തി മൂവായിരത്തി നാന്നൂറ്റി എഴുപത്തിയാറ്) രൂപ വരവും **438,008,828/-**രൂപ(നാൽപത്തി മൂന്ന് കോടി എൺപതി ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട്) രൂപ ചെലവും **22,744,648/-**രൂപ (രണ്ട് കോടി ഇരുപത്തി ഇരുപത്തി ഏഴ് ലക്ഷത്തി നാൽപത്തിനാലായിരത്തി അറുന്നൂറ്റി നാൽപത്തി എട്ട് രൂപ) മിച്ചവും പ്രതീക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ വസ്തു നികുതിയും തൊഴിൽ നികുതിയുമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ **1,98,00,000** (ഒരുകോടി തൊണ്ണൂറ്റി എട്ട് ലക്ഷം) രൂപ കെട്ടിട നികുതിയിൽ ഡിമാന്റ് പ്രതീക്ഷിക്കുന്നു. തൊഴിൽ നികുതിയിൽ ഇനത്തിൽ **40,00,000**/-(നാൽപത് ലക്ഷം രൂപ) വരുമാനവും. ലൈസൻസ് തൊഴിൽ നികുതി ഇനത്തിൽ **500,000**/- അഞ്ച് ലക്ഷം) രൂപയും ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ **30,00,000**/- (മുപ്പത് ലക്ഷം) രൂപയും വരവ് പ്രതീക്ഷിക്കുന്നു. സിവിൽ രജിസ്ട്രേഷൻ, ഫൈൻ, മറ്റ് ഫീസുകൾ ഉൾപ്പടെ മറ്റ് നികുതിയേതര വരുമാനമായി **61079000/-** (അറുപത്തി ഒന്ന് ലക്ഷത്തി ഏഴായിരത്തി തൊള്ളായിരം) രൂപയും വരുമാനം പ്രതീക്ഷിക്കുന്നു. നൂതനമായ പദ്ധതികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ മാർഗങ്ങൾ ആരായുന്നതിനോടൊപ്പം തന്നെ പാഴ്ചെലവ് നിയന്ത്രിക്കുന്നതിലും അതിവ ജാഗ്രത പുലർത്തിയെങ്കിൽ മാത്രമേ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ നമുക്ക് സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി സുതാര്യത ഉറപ്പു വരുത്തി പാഴ്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് വരുംവർഷത്തിലും പ്രാമുഖ്യം നൽകുന്നതാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാകേണ്ട മുഴുവൻ നികുതികളുടേയും ഫീസുകളുടേയും ചോർച്ച തടയുന്നതിന് സാമ്പത്തികവർഷാരംഭത്തിനു മുമ്പേ ടേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും തറ വിസ്തൃതി അളവെടുക്കൽ സമയബന്ധിതമായി പൂർത്തീകരിച്ച് അധിക നിർമ്മിതിക്ക് നികുതി/ഫീസ് ചുമത്തി ഈടാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തും. ബഹു. താനൂർ നിയോജകമണ്ഡലം എം.എൽ.എയുടെ പ്രാദേശിക വികസനഫണ്ടും സന്നദ്ധ സംഘടകളുടെ സഹകരണവും ഉറപ്പുവരുത്തി വട്ടത്താണിക്കടുത്ത് സ്വകാര്യവ്യക്തികൾ വിട്ടുതന്ന 50 സെന്റ് ഭൂമിയിൽ വാണിജ്യസമുച്ചയം, ബസ് സ്റ്റാന്റ് എന്നിവ സാധ്യമാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമം നടത്തുന്നതാണ്. പുതിയ വരുമാന മാർഗങ്ങൾ ആവിഷ്കരിക്കുന്നതിലും പാഴ്ചെലവുകൾ കുറയ്ക്കുന്നതിലും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും പരിപൂർണ്ണ സഹകരണം ഉറപ്പു വരുത്തും.

താനാളൂർ ഗ്രാമപഞ്ചായത്തിന്റെ സാർവ്വതോന്മുഖമായ വികസനവും ക്ഷേമവും ലക്ഷ്യമാക്കി സാമൂഹ്യ നീതിയിലധിഷ്ഠിതമായ സാമ്പത്തികവികസനത്തിനായി അടുത്ത സാമ്പത്തിക വർഷം നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയുന്ന പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കാൻ ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു.

കാർഷിക മേഖല

സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷിക മേഖലയും കർഷകരും. കാർഷിക മേഖലയേയും കർഷകരേയും തഴഞ്ഞുകൊണ്ട് ഒരു പ്രാദേശിക സർക്കാരിനും വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ സാധ്യമല്ല. നാടിന്റെ അന്നദാതാക്കളാണ് കർഷകരും കർഷകത്തൊഴിലാളികളും എന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് കാർഷിക മേഖലയിൽ സമഗ്രമായ മുന്നേറ്റം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഈ ബഡ്ജറ്റ് ലക്ഷ്യം വെക്കുന്നത്.. താനാളൂരിന്റെ കാർഷിക മേഖലയെ ശാക്തികരിക്കുന്നതിനും വിള വർദ്ധനവിനുമായി താഴെ പറയുന്ന പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും. സുസ്ഥിര നെൽകൃഷി വികസനത്തിനായി **10,00,000**/-(പത്ത് ലക്ഷം) രൂപയും, വെറ്റിലകൃഷി വികസനത്തിനായി **1,00,000**/-(ഒരു ലക്ഷം) രൂപയും, തെങ്ങുകൃഷി വികസനത്തിനായി **14,00,000**/- (പതിനാല് ലക്ഷം) -രൂപയും, വിള ഫാർമസി-രോഗകീട നിയന്ത്രണ ഉപാധികളുടെ വിതരണത്തിനായി **100000**/- (ഒരു ലക്ഷം) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി പച്ചക്കറികൃഷി വികസനത്തിനായി **140000**/- (ഒരു ലക്ഷത്തി നാല്പതിനായിരം) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി - കുരുമുളക് കൃഷി വികസനത്തിനായി **400000**/- (നാല് ലക്ഷം) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി - വാഴതൈ വിതരണത്തിനായി **200000**/- രണ്ട് ലക്ഷം) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി - പുഷ്പകൃഷി വികസനത്തിനായി **66666**/- അറുപത്തി ആറായിരത്തി അറുനൂറ്റി അറുപത്തി ആറ്) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി - കിഴങ്ങ് കൃഷി വികസനത്തിനായി **500000**/- (അഞ്ച് ലക്ഷം) രൂപയും, വിള-കൃഷി സമൃദ്ധി പദ്ധതി - കവുങ്ങ് കൃഷി വികസനത്തിനായി **366666**/- (മൂന്ന് ലക്ഷത്തി അറുപത്തി ആറായിരത്തി അറുനൂറ്റി അറുപത്തി ആറ്) രൂപയും, പ്രാദേശിക വിപണന കേന്ദ്രത്തിന് ധനസഹായം നൽകുന്നതിനായി **400000**/- (നാല് ലക്ഷം) രൂപയും, സേവന ഗ്രൂപ്പിന് ധനസഹായം നൽകുന്നതിനായി **400000**/- (നാല് ലക്ഷം) രൂപയും, ജലസേചനത്തിന് പമ്പ് സെറ്റിനായി **1440000**/- (പതിനാല് ലക്ഷത്തി നാല്പതിനായിരം) രൂപയും, വിട്ടുമുറ്റത്തും മട്ടുപ്പാവിലും പച്ചക്കറി കൃഷിക്കായി **1333333**/- പതിമൂന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന്) രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തരിശുരഹിത താനാളൂർ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ വാർഡ് മെമ്പർമാരുടേയും കാർഷിക മേഖലയിലെ വിദഗ്ധരുടേയും

മറ്റു സന്നദ്ധ പ്രവർത്തകരുടേയും പാടശേഖര സമിതികളുടേയും നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ബാലപഞ്ചായത്ത് എന്നിവരുടെ സഹായത്തോടെ നെൽകൃഷി, പച്ചക്കറി കൃഷി, എന്നിവ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ കൃഷി ഓഫീസ് ഹൈടെക്ക് ആക്കുന്നതിനും ഈ ബജറ്റില് പ്രാധാന്യം നല്കിയിട്ടുണ്ട്.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, കുടംബശ്രീ അയൽക്കൂട്ടങ്ങൾ, യുവജനക്ലബ്ബുകൾ, ബാലസഭകൾ എന്നിവ കേന്ദ്രീകരിച്ച് പരമാവധി പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

മൃഗ സംരക്ഷണം

പാൽ, മാംസം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി മൃഗസംരക്ഷണമേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾക്ക് ഈ ബഡ്ജറ്റിൽ ശ്രമം നടത്തിയിട്ടുണ്ട്. പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം നമ്മുടെ ഗ്രാമത്തിൽ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെ രോഗപ്രതിരോധം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ അടുത്ത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു. പാലിന് സബ്സിഡി നല്കുന്നതിന് **4,00,000/-** രൂപയും, കാലിത്തീറ്റ വിതരണത്തിനായി **1740000/-** രൂപയും ,മൃഗാശുപത്രിയിലേയ്ക്ക് മരുന്നു വിതരണത്തിനായി **350000**/- രൂപയും, തെരുവുനായ്ക്കളുടെ വാക്സിനേഷൻ **1,00,000**/- രൂപയും, അജമിത്രം തുടർ പദ്ധതി **825000/-** രൂപയും, മുട്ടപ്പാവിലെ മുട്ടക്കോഴി വളർത്തൽ **1344000/-** രൂപയും, മുറ്റത്തൊരു മീൻതോട്ടം **80000/-** രൂപയും, പോത്തുകുട്ടി വിതരണം **4800000/-** രൂപയും, വെറ്റിനറി ഹോസ്പിറ്റലിൽ സി.സി.ടി.വി **200000/-** രൂപയും, ബ്ലോക്ക് പഞ്ചായത്തില് എ.ബി.സി സെന്റർ സ്ഥാപിക്കുന്നന് വിഹിതം നൽകുന്നതിന് **300000/-** രൂപയും മൃഗ സംരക്ഷണ മേഖലയ്ക്കായി വകയിരുത്തുന്നു.

തൊഴിൽ സംരംഭങ്ങൾ

ദാരിദ്ര്യലഘൂകരണത്തിന് മുൻതൂക്കം നല്കുന്നത് താനാളൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രധാന ഉത്തരവാദിത്തമായി കാണുന്നു. തൊഴിൽ നല്കുന്നതിനുതകുന്ന വിവിധ പ്രോജക്ടുകൾ അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുന്നതാണ്. വനിതകൾക്ക് തൊഴിൽ സംരംഭം **2300000**/-രൂപയും, വ്യക്തിഗത തൊഴിൽ സംരംഭങ്ങൾക്കായി **600000**/-രൂപയും, ടിന്നശേഷിക്കാരുടെ അമ്മമാർക്ക് തൊഴിൽ പരിശീലനം **150000**/-രൂപയും, ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. വിജ്ഞാന തൊഴിൽ

സാമൂഹ്യ നീതി

സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനക്ഷേമ പ്രവർത്തനങ്ങളിലൂടെയും ഒരു നാടിന്റെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാകു. സാമൂഹ്യ നീതിയിലധിഷ്ഠിതമായ വിഭവ വിനിയോഗത്തിന് പരമാവധി ജാഗ്രത പുലർത്തിയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. അങ്കൺവാടി പോഷകാഹാരത്തിനായി **10900000**/- രൂപ, ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് (ജില്ലാപ്ലാൻ ഷെയർ ഉൾപ്പടെ) **4200000**/-രൂപ, ബഡ്സ് സ്കൂൾ ഉച്ച ഭക്ഷണത്തിനായി **100000**/- രൂപയും, ബഡ്സ് ഭരണപരമായ ചെലവുകൾക്ക് **800000**/- രൂപയും, ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. **ഭിന്നശേഷികലാമേള** നടത്തുന്നതിനായി **75000/**-രൂപ, ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേച്ചിയർ ഇംപ്ലാന്റേഷൻ പദ്ധതിക്കായി **-100,000/**-രൂപയും വകയിരുത്തിയിട്ടുണ്ട്.

കുട്ടികളുടെക്ഷേമം

വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും സാമൂഹ്യപരമായും മാനസികപരമായും ആരോഗ്യപരമായും വികാസം പ്രാപിച്ച മൂല്യബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തനങ്ങൾക്ക് നാം ഇതിനകം തുടക്കംകുറിച്ചിട്ടുണ്ട് എന്നത് ആശാവഹമാണ്. വർണ്ണങ്ങളും വസന്തങ്ങളും നഷ്ടപ്പെടാത്ത ബാല്യവും കൗമാരവും അനുഭവിച്ചുവളരുന്നതിനും തിരുമാനങ്ങളെടുക്കാൻ പ്രാപ്തിയുള്ള, സഹജീവി സ്നേഹവും അനുകമ്പയുമുള്ള പുതുതലമുറയായി നമ്മുടെ മക്കൾക്ക് വളരാനുള്ള ഇടമൊരുക്കലിന് ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ ബാലസൗഹൃദ പഞ്ചായത്ത് എന്ന ആശയത്തിലൂടെ അടുത്ത വർഷവും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കപ്പെടും. നവസാമൂഹ്യമാധ്യമങ്ങൾക്കും ലഹരിപദാർത്ഥങ്ങൾക്കും മുതിർന്നവരെപ്പോലെ തന്നെ കുട്ടികളും അടിമപ്പെട്ടുപോകുന്നു എന്നത് ഏറെ വേദനാജനകവും സമൂഹത്തിന് വലിയ വെല്ലുവിളിയുമാണ്. മൊബൈൽ ഫോണുകൾക്ക് കുട്ടികൾ അടിമപ്പെടുന്നതിൽ നിന്നും അവരെ മോചിപ്പിക്കുക എന്ന ലക്ഷ്യം കൂടി ഉൾചേർത്ത് താനാളൂരിൽ നടപ്പിലാക്കിവരുന്ന അജമിത്രം പദ്ധതി ഏറെ വിജയകരമായി എന്നത് സന്തോഷാർഹമാണ്.

. ബാലപഞ്ചായത്തിനു കീഴിൽ വ്യത്യസ്തങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ബാലസഭകൾക്ക് സ്പോർട്സ് കിറ്റ് പദ്ധതിക്കായി **2,00,000**/-രൂപയും ചെറുപ്രായത്തിൽ തന്നെ കുട്ടികൾക്ക് നേരായ രീതിയിലുള്ള ദിശാബോധം നല്കുന്നതിനും കഴിവുകൾ വളർത്തുന്നതിനും ആവിഷ്കരിച്ച മലർവാടി ഫെസ്റ്റ് പദ്ധതിക്കായി **150000**/-രൂപയും, **അംഗൺവാടികളിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് 800000**/-എട്ട് ലക്ഷം രൂപയും, അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിനായി **400,0000**/-(നാൽപത് ലക്ഷം) രൂപയും,

അംഗനവാടികൾക്ക് ബ്ലൂടൂത്ത് മൈക്ക് സ്പീക്കർ **300000/-** മൂന്ന് ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ ബാലസഭ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും. എല്ലാ കുട്ടികളേയും ബാലസഭകളിൽ അംഗങ്ങളാക്കുന്നതിനുള്ള ശ്രമം നടത്തും.

സ്ത്രീകളുടെക്ഷേമം

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി താനാളൂർ ഗ്രാമ പഞ്ചായത്തിനെ സ്ത്രീ സൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്. പ്രദേശിക സർക്കാരുകളുടെ ക്ഷേമ- വികസന പദ്ധതികളുടെ ഗുണങ്ങൾ സ്ത്രീകൾക്കുകൂടി അനുഭവേദ്യമാകുമ്പോഴേ സ്ത്രീയുടെ സാമൂഹ്യപദവി ഉയരുകയുള്ളൂ ആയതിനനുസരിച്ച പ്രവർത്തനങ്ങൾ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നു.

ജാഗ്രതാ സമിതികൾ പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്നത് ഈ മേഖലയിൽ ആശാവഹമാണ്. താനാളൂരിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ദേശിയ തലത്തിലും ശ്രദ്ധിക്കപ്പെട്ടത് പിട്ടയായ പ്രവർത്തനങ്ങൾക്കുള്ള അംഗികാരമായി കാണാവുന്നതാണ്. നമ്മൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഇതേ നിലവാരത്തിൽ തുടരേണ്ടത് അനിവാര്യമാണ്. ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്കായി **300000/-** രൂപയും, കമ്മ്യൂണിറ്റി വ്യൂമൺ ഫെസിലിറ്റേറ്ററുടെ വേതനത്തിന് **225000/-** രൂപയും, വകയിരുത്തുന്നു.

വിദ്യാഭ്യാസം, സാംസ്കാരികം

താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിലും കലാകായിക രംഗത്തും കാര്യമായ പുരോഗതി സൃഷ്ടിക്കുന്നതിനാവശ്യമായ ഇടപടലുകൾക്ക് ഈ ബഡ്ജറ്റിൽ പ്രാമുഖ്യം നല്കിയിട്ടുണ്ട്. സ്കൂളുകളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി വൈവിധ്യങ്ങളായ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കും. ജി.എൽ.പി സ്കൂൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന് **20,00,000/** (ഇരുപത് ലക്ഷം)രൂപ വകയിരുത്തിയിട്ടുണ്ട് . കൂടാതെ അക്കാദമിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി **പഠനകൂട്ട് സമഗ്ര വിദ്യാഭ്യാസ പരിപാടി 500000/-**രൂപയും വകയിരുത്തുന്നു. തുല്യതാ പരിപാടിക്കായി **80200/-** രൂപ പ്രാഥമിക വിദ്യാലയങ്ങളിലെ കായികമികവ് വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയായ **കാളിറ്റി എജ്യുക്കേഷണൽ പ്രോഗ്രാം പദ്ധതിക്കായി 500000/-** (അഞ്ച് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.. അക്ഷരവെളിച്ചം പകരുന്നതിലും സാംസ്കാരിക മേഖലയിൽ കാര്യക്ഷമമായി ഇടപെടുന്നതിനും വായനശാലകൾ സജീവമായ പങ്കുവഹിക്കുന്നുണ്ട്

ഇവർക്കായി പത്രങ്ങളും ആനുകാലിക പ്രസിദ്ധികരണങ്ങൾക്കും **100000**/-രൂപയും. **വിജയരേഖ വിജയസ്പർശം പദ്ധതിക്കായി 50000/-** രൂപ, വായനശാലകൾ കൂടുതൽ ആകർഷണീയമാക്കുന്നതിനുള്ള പദ്ധതികൾ സ്പോൺസർഷിപ്പിലൂടെ നടപ്പിലാക്കുന്നതിന് ശ്രമം നടത്തും. രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. കേരളോത്സവം നടത്തിപ്പിനായി **150000/-** രൂപ വകയിരുത്തുന്നു. യുവജന ക്ലബുകളുക്ക് സ്പോർട്സ് കിറ്റ്-**4,00,000**/- രൂപ വകയിരുത്തുന്നു. ബാലസഭാകുട്ടികൾക്ക് സ്പോർട്സ് കിറ്റ്-**2,00,000**/- രൂപ വകയിരുത്തുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

താനാളൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 2026-27 സാമ്പത്തിക വർഷത്തിൽ **5,49,63,000/-** രൂപ **(അഞ്ചു കോടി നാൽപത്തി ഒൻപത് ലക്ഷത്തി അറുപത്തി മൂന്നായിരം രൂപയുടെ)** പദ്ധതികൾ വിഭാവനം ചെയ്യുന്നു. മണ്ണ്ജലസംരക്ഷണ പ്രവർത്തങ്ങൾക്കും ശുചിത്വമേഖലയിലെ ഇടപെടലുകൾക്കും മുൻഗണന നല്കുന്നതോടൊപ്പം ആസ്തി വികസന പദ്ധതികൾക്കും ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. അവിദഗ്ദ തൊഴിലാളികൾക്ക് നൈപുണിപരിശീലനം നൽകി വരുമാനവർദ്ധനവ് സൃഷ്ടിക്കും. കളിസ്ഥലം സൗകര്യപ്പെടുത്തൽ, ഉപജീവനമാർഗങ്ങൾക്കുതകുന്ന വർക്ക് ഷെഡുകളുടെ നിർമ്മിതികൾ, ശുചിത്വമേഖലയിൽ സോക്ക് പിറ്റ്, റിംഗ് കംപോസ്റ്റ്, മിനി എം.സി.എഫ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും. വ്യക്തിഗത സംരംഭങ്ങൾക്കാവശ്യമായ പശ്ചാത്തലസൗകര്യമൊരുക്കി പിന്തുണ നല്കും. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ നല്കുന്നതിനും മികച്ച മേറ്റുമാരെ പഞ്ചായത്ത് തലത്തിൽ ആദരിക്കുന്നതിനും നടപടി സ്വീകരിക്കും. ആവശ്യമായ ഉപകരണങ്ങൾ നല്കിയും മികച്ച തൊഴിലാളികളെ ആദരിച്ചും റോസ്ഗാർ ദിനം ആചരിച്ചും തൊഴിലാളികൾക്ക് മികച്ച പിന്തുണ നല്കും. സോഷ്യൽ ഓഡിറ്റും പബ്ലിക് ഹിയറിംഗും കൃത്യമായി നടത്തി സുതാര്യത വർദ്ധിപ്പിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ശ്രമം നടത്തും

കുടുംബശ്രീ

ഗ്രാമീണ മേഖലയിലെ വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അയൽക്കൂട്ടങ്ങൾ, എ.ഡി.എസ് എന്നിവയെ കൂടുതൽ പ്രവർത്തന ക്ഷമമാക്കുകയും ചെറുകിട ഉൽപാദന/സേവന മേഖലകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മാസത്തിൽ രണ്ടുവിതം ഗ്രാമീണ ചന്തകൾ സാധ്യമാക്കി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുമുള്ള സൗകര്യം സൃഷ്ടിക്കും. ബാലസഭാംഗങ്ങൾക്ക് സ്പോർട്സ് കിറ്റ് വികരണത്തിനായി **2,00,000**/-രൂപ വകയിരുത്തുന്നു. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സൗകര്യത്തിനായി സിറ്റിസൺഫെസിലിറ്റേഷൻ സെന്ററിൽ നാനോഷോപ്പിന് സൗകര്യമൊരുക്കും. .

ജലസംരക്ഷണം – കുടിവെള്ളം

താനാളൂർ ഗ്രാമ പഞ്ചായത്തിൽ ശാശ്വതമായ കുടിവെള്ള പ്രശ്നപരിഹാരത്തിനുതകുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ശ്രമം നടത്തും. മുഴുവൻ കുടുംബങ്ങളേയും ജലജീവൻ മിഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. പൊതുജലാശയങ്ങൾ, നിർച്ചാലുകൾ തുടങ്ങിയവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയും പൊതുജനപങ്കാളിത്തത്തോടെയും ശുചീകരിക്കുന്നതിന് നടപടി സ്വീകരിക്കും. കൂടാതെ പഞ്ചായത്തിലെ പൊതു കിണറുകളുടെ നവീകരണത്തിന് **50,0000** (അഞ്ച് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര ഘട്ടത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണത്തിന് സൗകര്യമേർപ്പെടുത്തും.

വൈദ്യുതി, തെരുവു വിളക്ക്

താനാളൂർ ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ട്. പ്രധാന വീഥികളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ട്. നിലവിൽ സ്ട്രീറ്റ് മെയിൻ ഉള്ളിടത്തെല്ലാം കൺട്രോളറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. വാറണ്ടി കഴിഞ്ഞ ഭൂരിഭാഗം തെരുവു വിളക്കുകളും പ്രവർത്തനക്ഷമമല്ല. അവ പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ സ്ഥാപിക്കുന്നതിനും തൻവർഷത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലാവ് പദ്ധതി രൂപയും വകയിരുത്തുന്നു. മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി **10,00,000**/-രൂപ വകയിരുത്തുന്നു. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് **5,00,000**/-രൂപയും, **"പ്രഭാപൂരിതം പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ"** പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് **1750000**/- (പതിനേഴ് ലക്ഷത്തി അൻപതിനായിരം) രൂപയും, **"നാട്ടുവെളിച്ചം വഴി വിളക്ക് സ്ഥാപിക്കൽ"** 1250,000/-രൂപ (പന്ത്രണ്ട ലക്ഷത്തി അൻപതിനായിരും രൂപയും) വകയിരുത്തിയിട്ടുണ്ട്. നിലവിലെ വാറണ്ടി തീർന്ന സ്ടീറ്റ് ലൈറ്റുകൾക്ക് എ.എംസി പദ്ധതിക്കായി **20,00000**/- (ഇരുപത് ലക്ഷം) രൂപയും, മിനിമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി പദ്ധതിക്കായി **10,00,0000** (പത്ത് ലക്ഷം രൂപയും) ഇ.എം.എസ് സ്റ്റേഡിയത്തിൽ ലൈറ്റ് സ്ഥാപിക്കുന്നതിന് 10,00,000/- (പത്ത് ലക്ഷം) രൂപയും ഗ്രാമ പഞ്ചായത്ത് ഓഫീസിലേയും തെരുവു വിളക്കുകളുടേയും ഘടക സ്ഥാപനങ്ങളിലേയും വൈദ്യുതി ചാർജ്ജ് അടവാക്കൽ പഞ്ചായത്തിന്റെ ഉത്തരവാദിത്തമായതിനാൽ വൈദ്യുതി ചാർജ് ഇനത്തിലും മെയിന്റനൻസ് ഇനത്തിലും ആവശ്യമായ തുകയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യം

വർഷങ്ങൾക്കുമുമ്പേ ആരോഗ്യമേഖലയിൽ താനാളൂരിന്റെ തനത് പരിപാടിയായി ആവിഷ്കരിച്ച ജനകീയാരോഗ്യപരിപാടി ഏറെ മാതൃകാപരവും പ്രയോജനപ്രദമായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. പ്രസ്തുത പദ്ധതിയിലൂടെ നാം ആരോഗ്യമേഖലയിൽ കാര്യമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നമ്മുടെ ഒ.പി.യിൽ രോഗികളുടെ എണ്ണം ദിനേന കൂടുന്നത് ആശാസ്യമല്ലെങ്കിലും ആയതിനനുസരിച്ച് ജീവനക്കാരുടെ എണ്ണവും ഭൗതിക സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നാം സാധ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എച്ച്.എം.സികൾ ആരോഗ്യമേഖലയിൽ മികച്ച സേവനം നല്കിവരുന്നുണ്ട്. എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്ന തിനായി **14,00,000**/-(പതിനാല് ലക്ഷം) രൂപയും ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി **750000**/-(ഏഴ് ലക്ഷത്തി അമ്പതിനായിരം) രൂപ,ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി **350000/-** (മൂന്ന് ലക്ഷത്തി അൻപതിനായിരും) രൂപയും വകയിരുത്തുന്നു. ആരോഗ്യഭേരി പദ്ധതിക്കായി **50000**/രൂപ വകയിരുത്തുന്നു. പരിരക്ഷ പദ്ധതിക്കായി **30,00,000**/ (മുപ്പത് ലക്ഷം)രൂപ രൂപ വകയിരുത്തുന്നു. എഫ്.എച്ച്.സിയിൽ കേന്ദ്രത്തില് സിസിടിവി സ്ഥാപിക്കല് **300000**/ (മൂന്ന് ലക്ഷം) രൂപ ,ഹോമിയോ ഡിസ്പെന്സറിയിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് **50000**/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഡോക്ടർ മാരേയും ആരോഗ്യ പ്രവർത്തകരേയും പങ്കെടുപ്പിച്ച് പരിരക്ഷ പരിപാടി വിപുലീകരിക്കും.

ശുചിത്വം

പരമാലിന്യപരിപാലനരംഗത്ത് നമ്മുടെ ഹരിതകർമ്മസേന സ്തുത്യർഹമായ സേവനം നടത്തിവരുന്നുണ്ട്.. വീട്ടുടമകളും സ്ഥാപന ഉടമകളും പരമാലിന്യ പരിപാലനത്തിന് 100ശതമാനം യൂസർ ഫീ നൽകിയെങ്കിൽ മാത്രമേ ഹരിതകർമസേനയുടെ പ്രവർത്തനം മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ മാലിന്യസംസ്കരണം തടസ്സമില്ലാതെ നടക്കുന്നതിന് ഹരിതകർമസേനയ്ക്ക് ശക്തമായ പിന്തുണാ സൗകര്യമൊരുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മാലിന്യരഹിതഗ്രാമം എന്ന ലക്ഷ്യപ്രാപ്തിയിലേയ്ക്കുയരാൻ ജനപ്രതിനിധികളും ജീവനക്കാരും പൊതുജനങ്ങളും ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതുണ്ട്. പ്ലാസ്റ്റിക് കത്തിക്കുന്നവർക്കെതിരേയും പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരേയും പിഴ ഈടാക്കുന്നത് ഉൾപ്പടെയുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു.യൂസർ ഫീ കുടിശ്ശിക വരുത്തുന്നവർക്കെതിരെയും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പിഴ ഉൾപ്പടെ യൂസർഫീ അടവാക്കാൻ എല്ലാ ഗാർഹിക ഉപഭോക്താക്കളും /വ്യാപാര സ്ഥാപന ഉടമകളും ബാധ്യസ്ഥരാണ്. കുടുംബശ്രീ, ആശാ

പ്രവർത്തകർ,ബാലസഭ, ഹരിതകർമ്മസേന, യുവജന ക്ലബ്ബുകൾ സ്കൂൾ വിദ്യാർത്ഥികൾ എന്നിവരെ ഏകോപിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. താനാളൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ അജൈവമാലിന്യശേഖരണ രംഗത്ത് ഹരിതകർമ്മസേന മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. ഹരിതകർമ്മസേനയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായും സജ്ജമാക്കാൻ സാധിച്ചിട്ടില്ല. അജൈവ മാലിന്യ ശേഖരണത്തിന് നിലവിലുള്ള ഗുഡ്സ് ഓട്ടോ അപര്യാപ്തമാണ്. ആയത് മറികടക്കുന്നതിന് തൻവർഷം 900000/- രൂപ ഡിസൽ വാഹനം വാങ്ങുന്നതിന് വകയിരുത്തിയിട്ടുണ്ട്. ഹരിത കർമ്മ സേനക്ക് ഓഫിസ് കെട്ടിടം പൂർത്തികരിക്കാൻ സാധിച്ചത് തികച്ചും സന്തോഷകരമാണ് .തൻവർഷത്തിൽ പുതിയ രണ്ട് എം.സി.എഫുകൾ മൂച്ചിക്കൽ,ദേവധാർ മേൽപാലങ്ങൾക്ക് താഴെ സജ്ജീകരിക്കുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. ഒരു വാർഡിന് 2 അംഗങ്ങൾ എന്ന കണക്കിൽ ഹരിതകർമ്മസേനയുടെ അംഗബലം വർദ്ധിപ്പിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. നമ്മുടെ തെരുവുകളും പൊതുയിടങ്ങളും കൃഷിയിടങ്ങളും ജലാശയങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾ നടത്തുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. ആത്മാർത്ഥ സേവനം നടത്തുന്ന ഹരിത കർമ്മ സേനാംഗങ്ങളെ ഇത്തരുണത്തിൽ അഭിനന്ദിക്കുന്നു. താനാളൂരിന്റെ ശുചിത്വപട്ടാളത്തെ സംരക്ഷിക്കുന്നതിന് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. ശുചിത്വ മേഖലയുടെ പോഷണത്തിനായി താഴെ പറയും പ്രകാരം തുക വകയിരുത്തുന്നു. ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾക്കായി **2,00,000**/- രൂപവകയിരുത്തുന്നു. വാഹനവാടകയ്ക്ക്-**1,50,000**/- രൂപ വകയിരുത്തുന്നു. അങ്ങാടി ശുചികരണം-**8,00,000**/- രൂപ, റിംഗ് കമ്പോസ്റ്റർ-**15,00,000**/- രൂപ , ഹരിതകർമ്മ സേന മുഖേന ശേഖരിച്ച് തരംതിരിച്ച അജൈവമാലിന്യം കയറ്റി അയയ്ക്കുന്നതിനായി **12,00,000**/- രൂപ /-, ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ്-**1540,000**/- രൂപ, അതിദരിദ്രർ, ആശ്രയ, ഘടകസ്ഥാപനങ്ങൾ യൂസർഫി നല്കൽ-**1,00,000**/- രൂപ, വ്യക്തിഗത ബയോബിൻ നൽകുന്നതിന് **500000**/- രൂപ, സ്കൂളുകളിലേക്കും പൊതു സ്ഥലങ്ങളിലേക്കും ബയോബിന്ന് വാങ്ങി നൽകുന്നതിന് **400000**/- രൂപ- രൂപ,എം.സി.എഫുകൾക്ക് വാടക നൽകുന്നതിന് **600000**/- രൂപ, എന്നിങ്ങനെ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹരിത വിദ്യാർഥികളിൽഡ ഹരിത ബോധം വളർത്തുന്നതിന് ഹരിത സ്കോളർഷിപ്പ് പദ്ധതിക്കായി 75000/ രൂപയും വകയിരുത്തിയിട്ടുണ്ട്. ഹരിതകർമ്മസേന ഓഫിസ് കേന്ദ്രീകരിച്ച് ശുചിത്വ ഉപാധികൾ പ്രദർശിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വില്പന നടത്തുന്നതിനും സംവിധാനമൊരുക്കും. ബയോബിന്നുകൾക്കാവശ്യമായ ഇനോക്കുലം ലഭ്യത ഉറപ്പുവരുത്തും. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ ഉറപ്പുവരുത്തും. ഹരിത കർമസേനാംഗങ്ങൾക്ക് അധിക വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിന് മികച്ച പരിശീലനം ലഭ്യമാക്കി സംരംഭങ്ങൾ ആരംഭിക്കും.

ഭവന നിർമ്മാണം – ദാരിദ്ര്യ ലഘൂകരണം

നവകേരളം മിഷന്റെ ഭാഗമായി ആവിഷ്ക്കരിച്ച ലൈഫ് പദ്ധതി നമ്മുടെ ഗ്രാമ പഞ്ചായത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ വീടില്ലാത്ത പാവപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് പദ്ധതി തന്നെയാണ് ആശ്രയം. ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഭവന രഹിത കുടുംബങ്ങളേയും പരിഗണിക്കുവാൻ ഇതിനകം സാധ്യമായിട്ടുണ്ട് എന്ന് ഏറെ ചാരിതാർത്ഥ്യത്തോടെ അറിയിക്കുകയാണ്. ഭൂരഹിത ഭവനരഹിതർക്ക് ഭവനപദ്ധതിക്കായി അടുത്ത വർഷത്തിൽ ലൈഫ് പദ്ധതി തന്നെയാണ് ആശ്രയം. ലൈഫ് പദ്ധതിക്കായി **6,93,00,000/-** രൂപ(ആറു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷം രൂപ) വകയിരുത്തുന്നു. കൂടാതെ വീട് വാസയോഗ്യമാക്കൽ ജനറൽ എന്ന പദ്ധതിക്കായി **24,00,000/-** (ഇരുപത്തി നാല് ലക്ഷം) രൂപ, വീട് റിപ്പയർ എസ്.സി **21,00000/-**(ഇരുപത്തിയൊന്ന് ലക്ഷം) രൂപ, മറ്റു ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. അഗതിരഹിത കേരളം പദ്ധതിക്കായി **1000000**/-രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി ക്ഷേമം

പട്ടികജാതിവിഭാഗത്തിൽപെട്ടവരുടെ ജീവിത നിലവാരവും സാമൂഹ്യ നിലവാരവും ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. വീട് റിപ്പയർ പദ്ധതിക്ക് 21,00000/- (ഇരുപത്തിയൊന്ന് ലക്ഷം) രൂപ, എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് **700000/-** (ഏഴ് ലക്ഷം) രൂപ, പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം **750000**/- (ഏഴ് ലക്ഷത്തി അമ്പതിനായിരം) രൂപ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് **3,00,000**/- (മൂന്ന് ലക്ഷം) രൂപ, പഠനോപകരണങ്ങൾ-**1,50,000**/- രൂപ ഹൈസ്ക്കൂൾ വിദ്യാർഥികൾക്ക് പഠന മുറി 40,0000/- (നാല് ലക്ഷം) രൂപ, എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് **200000/-** (രണ്ട് ലക്ഷം) രൂപ, എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം **100000**/- (ഒരു ലക്ഷം) രൂപ എന്നീ പദ്ധതികൾ നടപ്പിലാക്കും.

പശ്ചാത്തല മേഖല

ജൽജീവൻ മിഷൻ പദ്ധതിയിൽ പൈപ്പ്ലൈൻ സ്ഥാപിച്ചതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും അതിവ ശോചനീയാവസ്ഥയിലാണ്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി റോഡുകൾ പൂർവ്വസ്ഥിതി യിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അതിവ ജാഗ്രത പുലത്തി വരുന്നുണ്ട്. സാധ്യമായ സ്രോതസ്സുകളില് നിന്നും ഫണ്ടുകൾ ലഭ്യമാക്കി റോഡുകളുടെ പ്രാധാന്യമനുസരിച്ച് മുൻഗണന നിർണ്ണയിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നയമാണ് ഭരണസമിതി തിരുമാനിച്ചു വരുന്നത്.

പശ്ചാത്തല മേഖലയിൽ സർക്കാർ നിർദ്ദേശപ്രകാരം വകയിരുത്താവുന്ന തുക ഉപയോഗപ്പെടുത്തി. എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വികസന സെമിനാറിന്റേയും ഭരണസമിതി തിരുമാന ത്തിന്റേയും അടിസ്ഥാനത്തിൽ രൂപം നൽകിയ റോഡ് പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് **56730000/-** (അഞ്ച് കോടി അറുപത്തി ഏഴ് ലക്ഷത്തി മുപ്പതിനായിരം) രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

പൊതുഭരണം

പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കും. വാതിൽപ്പടി സേവനം കാര്യക്ഷമമായി നടപ്പിലാക്കും. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഒരു കുടുംബത്തിലൊരാൾക്ക് സിറ്റിസൺ പോർട്ടൽ സംബന്ധിച്ച പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കും. പൗരസമൂഹ സർവ്വേ നടത്തി സേവനദായക പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കും.. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കും. പഞ്ചായത്ത് ഓഫീസ് സി.സി.ടി.വി - **600000/-** (ആറ് ലക്ഷം) രൂപയും, ഐ.എസ്.ഒ പ്രവർത്തനങ്ങൾക്ക് **150000/-** (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപയും, ഗ്രാമപഞ്ചായത്തിലേക്ക് ഇല്ക്ടിക് സ്കൂട്ടർ **200000/-** (രണ്ട് ലക്ഷം) രൂപയും, ഗ്രാമവണ്ടി **500000/-** (അഞ്ച് ലക്ഷം) രൂപയും വകയിരുത്തുന്നു മികച്ച സേവനം കാഴ്ച വെയ്ക്കുന്ന ജീവനക്കാരെ പൊതുവേദിയിൽ ആദരിക്കും. പഞ്ചായത്ത് ഓഫീസ് പോലെ ഘടക സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. ഗ്രാമപഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും ഭിന്നശേഷി

സൗഹൃദവും വയോജനസൗഹൃദവുമായി നിലനിറുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തും. താനാളൂർ ഗ്രാമ പഞ്ചായത്തിൽ വികസനോന്മുഖവും നൂതനവുമായ കൂടുതൽ വികസന പദ്ധതികൾക്ക് രൂപം നല്കുന്നതിനും വികസനവിടവുകൾ കണ്ടെത്തുന്നതിനും നികത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നല്കുന്നതാണ്..

വയോജനക്ഷേമം

വയോജനങ്ങളുടെ ആരോഗ്യപരിശോധനയും ജീവിതശൈലിരോഗ നിയന്ത്രണത്തിനും ആവശ്യമായ പദ്ധതികൾ ജനകീയാരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കും. പകൽവീട് കൂടുതൽ ആകർഷകമാക്കും. പകൽവീട് ആയക്ക് വേതനം നൽകുന്നതിന് **84000/-** (എൺപത്തിനാലായിരം) രൂപ വകയിരുത്തുന്നു. പകൽവീട് നിർമ്മാണം **3000000**/- (മുപ്പത് ലക്ഷം) രൂപ വകയിരുത്തുന്നു. വയോജനങ്ങൾക്ക് കട്ടിൽ പദ്ധതിക്കായി 960000/- (ഒൻപതി ലക്ഷത്തി അറുപതിനായിരം രൂപയും) വകയിരുത്തുന്നു. വയോജനസംഗമം, വയോജനങ്ങൾക്കായി വിനോദയാത്ര എന്നിവ സംഘടിപ്പിക്കും.

ദുരന്ത നിവാരണം

പഞ്ചായത്ത് പ്രദേശത്തെ ദുരന്തസാധ്യതകൾ കണ്ടെത്തുന്നതിന് വിശദമായ പഠനം നടത്തി പദ്ധതികൾ നടപ്പിലാക്കും. അടിയന്തിര ഘട്ടങ്ങളെ തരണം ചെയ്യുന്നതിന് പര്യാപ്തമാം വിധം വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും എമർജൻസി റോസ്പോൺസ് ടീം രൂപീകരിച്ച് അംഗങ്ങൾക്കാവശ്യമായ പരിശീലനവും ഉപകരണങ്ങളും ലഭ്യമാക്കി ദുരന്തനിവാരണസേന സജ്ജമാക്കും. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി **70,000/-** രൂപ വകയിരുത്തുന്നു

ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ മേൽത്തട്ട് പഞ്ചായത്തുകളുടേയും ബഹു: എം.പി, എം.എൽ.എ, സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ എന്നിവരുടേയും സഹായ സഹകരണത്തോടെയും നിർവ്വഹിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വീടുകളും കെട്ടിടങ്ങളും നികുതി നിർണ്ണയത്തിനുകീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം ആരംഭിക്കും. അനുമതിയില്ലാതെ പുതുക്കിപണിത കെട്ടിടങ്ങൾക്കും ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്കും നിയമാനുസൃതം നികുതിയും ഫീസും പിഴയും ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. 100 ശതമാനം

നികുതിപിരിവും 100 ശതമാനം ലൈസൻസ് ഫീസ് പിരിവും സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

പരിമിതമായ വിഭവലഭ്യത വെച്ച് താനാളൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വികസന മേഖലകളിൽ ആശാവഹമായ പുരോഗതി സാധ്യമാക്കാൻ ഉതകും വിധം 2026-27 സാമ്പത്തിക വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യമുണ്ട്. വാർഷിക പദ്ധതി രൂപീകരണത്തിന് സഹായിച്ച ഭരണ സമിതിയംഗങ്ങൾ, ആസൂത്രണസമിതിയംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, ബജറ്റ് തയ്യാറാക്കുന്നതിന് സഹകരിച്ച ധനകാര്യസ്ഥിരം സമിതിയംഗങ്ങൾ, ജീവനക്കാർ, എന്നെ ശ്രവിച്ച മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള എല്ലാസഹോദരി സഹോദരൻമാർക്കും എന്നിവർക്ക് നന്ദിരേഖപ്പെടുത്തുന്നു. താനാളൂർ ഗ്രാമ പഞ്ചായത്തിലെ ജീവിതനിലവാരമുയർത്തുന്നതിനും പൊതുജനങ്ങളുടെ ഹാപ്പിനെസ്സ് ഇൻഡക്സ് ഉയർത്തുന്നതിനും ബഡ്ജറ്റ് വിഭാവനം ചെയ്യുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ ഏവരുടേയും സഹകരണം ലഭിക്കുമെന്ന പ്രതീക്ഷയോടെ കൂടുതൽ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ ബഡ്ജറ്റ് സമർപ്പിക്കുന്നു.

Tanalur Grama Panchayat Office
Form 1

2025-2026 REVISED BUDGET

SN	Head of Accounts	Actuals for the Previous year	Previous Budget Data (2025-2026)	Revised Budget Data (2025-2026)	Budget (2026-27)
	Opening Balance		**17142498**	**58185295**	**9322698**
	Revenue Receipt - 1				
	Tax Revenues - 110				
1	1100101 Property Tax (General)		15000000	18000000	19800000
2	1101001 Profession Tax – Employees		3166820	4000000	4000000
3	1101002 Profession Tax - Traders/ Institutions		333180	600000	500000
	Total Tax Revenues		**18500000**	**22600000**	**24300000**
	Fees and User Charges - 140				
4	1401101 License Fees for IFTEOS		0	400000	450000
5	1401106 License Fees for Domestic Dogs		0	1000	1200
6	1401201 Fees for Construction of Buildings		0	4000000	3000000
7	1401203 Permit Application fee		0	200000	175000

8	1401204 Permit Fee for Additional FSI		0	1000	1000
9	1401205 Fees for Erection of Telecommunication Tower		0	15000	15000
10	1401302 Fees for Delayed Registration - Birth & Death		0	500	600
11	1401304 Fee for Marriage Registration		0	45000	50000
12	1401305 Fee for Non Availability Certificate		0	100	100
13	1401306 Fee for Correction in Registration		0	3750	4000
14	1401399 Fees for Other Certificates or Extracts		0	400	200
15	1401701 Regularization Fees		0	4000000	2000000
16	1401801 Application Fee		0	300	500
17	1402001 Penal Interest		0	114000	115000
18	1402003 Other Penalties and Fines		0	75000	80000
19	1402004 Compounding Fee		0	25000	25000
20	1402005 Fine for Dumping Waste		0	40000	100000
21	1404002 Notice Fees		0	2000	2000
22	1404004 Ownership Change Fees - Fine		0	55000	60000
23	1404008 Delayed Registration Fees		0	15000	20000
24	1404009 Search Fees		0	500	500
25	1404011 Late Fee		0	4000	4000
26	1405008 Receipts from Libraries		0	2000	3000
27	1407003 Collection Incentive - KCWMF		0	2000	1000
	Total Fees and User Charges		**0**	**9001550**	**6187900**
	Sale and Hire Charges - 150				
28	1501102 Receipts from Sale of Tender Forms		0	10000	15000

	Total Sale and Hire Charges		**0**	**10000**	**15000**
	Revenue Grants, Contributions and Subsidies - 160				
29	1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers		0	2419000	2419000
30	1601012 Fund for Transferred Functions/ Schemes - Widow Pension		0	44153230	44153230
31	1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50		0	1012660	1012660
32	1601014 Fund for Transferred Functions/ Schemes - Pension for Differentially Abled		0	15095520	15095520
33	1601019 Fund for Transferred Functions/ Schemes - Old Age Pension		0	89215390	89215390
34	1601023 General Purpose Fund		0	33617200	40037000
35	1601060 Fund for Transferred Functions/ Schemes - Sthree Suraksha Scheme		0	3108000	24000000
	Total Revenue Grants, Contributions and Subsidies		**0**	**188521000**	215902800
	Total Revenue Receipt		**18500000**	**220132550**	245810700
	Capital Receipt - 2				
	Grants, Contribution for Specific Purposes - 320				
36	3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs		0	1517268	
37	3201004 Central Finance Commission Grant - Tied		0	16997835	
38	3201005 Central Finance Commission Grant - Untied		0	10411573	
39	3201020 Integrated Child Development Service		0	15183355	8485000
40	3201024 National Health Mission		0	1400000	

41	3201027 Swachha Bharat Mission - Grameen		0	10394951	
42	3201044 Mahatma Gandhi National Rural Employment Scheme (MGNREGS)		0	10771537	15000000
43	3201055 Grant for Health and Wellness Centers		0	1509577	
44	3202001 Development Fund - General		0	36548605	51321000
45	3202002 Development Fund - Special Component Plan		0	5612049	4427000
46	3202009 Maintenance Fund - Road Assets		0	18668400	16924000
47	3202010 Maintenance Fund - Non-Road Assets		0	10120667	10045000
48	3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly		0	4000000	5000000
49	3202019 Grants, Funds & Contributions For Specific Purposes - Other Government Agencies - Jalandhi		0	92550000	50000000
50	3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission		0	31000000	15000000
51	3208010 Beneficiary Contribution		0	10178975	
52	3209001 Contribution to Joint Venture Projects from District Panchayat		0	14625000	6850000
53	3209002 Contribution to Joint Venture Projects from Block Panchayat		0	16335880	12500000
	Total Grants, Contribution for Specific Purposes		**0**	**307829972**	**195252000**
	Secured Loans - 330				
54	3305002 Loan from Financial Institutions		0	69490896	
	Total Secured Loans		**0**	**69490896**	
	Other Liabilities - 350				

55	3502002 Recoveries Payable - Kerala Panchayat Employees Provident Fund		60010	60010	
56	3503005 Government and Other Dues Payable-TDS - CGST		3104	3104	
57	3503006 Government and Other Dues Payable-TDS - SGST		3104	3104	
58	3503008 Government and Other Dues Payable - CGST		162	162	
59	3503009 Government and Other Dues Payable - SGST		162	162	
	Total Other Liabilities		**66542**	**66542**	
	Investments - 420				
60	4208001 Fixed Deposits		0	9368078	10368078
	Total Investments		**0**	**9368078**	**10368078**
	Redemption - 431				
61	4315002 Receivables from Government (redemption amount)		0	18431885	
	Total Redemption		**0**	**18431885**	
	Loans, Advances and Deposits - 460				
62	4601001 Festival Advance to Employees		146000	146000	
63	4605005 Advance to Mahatma Gandhi NREGS/ AUEGS		1200000	1200000	
	Total Loans, Advances and Deposits		**1346000**	**1346000**	
	Total Capital Receipt		**1412542**	**406533273**	**468753476**
	Revenue Expenditure - 3				
	Establishment Expenses - 210				
64	2101001 Salaries -Secretary		1000000	1000000	1500000

65	2101003 Salaries - Permanent Staff		9000000	9000000	10000000
66	2101004 Salaries - Contract Staff		1450000	2750000	3000000
67	2101005 Salaries - Temporary Staff		250000	250000	250000
68	2101007 Salaries - Part time Contingent Staff		300000	300000	500000
69	2101101 Wages		1500000	1500000	1600000
70	2101201 Bonus		80500	80500	100000
71	2101501 Festival Allowance		150000	150000	200000
72	2102001 Travelling Allowances - Secretary		40000	40000	50000
73	2102003 Travelling Allowances - Permanent Staff		160000	160000	200000
74	2102014 Monthly Honorarium and Sitting Allowance -Councillors/ Members		3075000	2500000	4000000
75	2102016 Other Benefits and Allowances		150000	150000	150000
76	2102018 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members		75000	25000	100000
77	2103001 Employer's Commbution to Pension Fund - Regular Employees		1150000	1150000	1500000
78	2103006 Employer's Commbution to NPS - Regular Employees		0	375000	
79	2103007 Pension Commbution		0	550000	1000000
80	2104001 Terminal Leave Surrender		900000	900000	600000
	Total Establishment Expenses		**19280500**	**20880500**	**24500000**
	Administrative Expenses - 220				
81	2201001 Rent of Buildings		50000	50000	50000
82	2201002 Land Tax/ Basic Tax		5000	5000	5000

83	2201104 Service Connection Charge (KSEB/ KWA)		10000	10000	10000
84	2201199 Other Office Maintenance Expenses		125000	125000	150000
85	2201201 Telephone Expenses/ Internet Charges		50000	50000	25000
86	2201202 Postage Expenses		15000	35000	20000
87	2201299 Miscellaneous Communication Expenses		250000	250000	300000
88	2201301 Electricity Charges - Allied Institutions		100000	50000	50000
89	2201303 Rent - Allied Institutions		150000	75000	75000
90	2202001 Books & Periodicals		37500	42000	45000
91	2202101 Printing & Stationery		500000	500000	500000
92	2204001 Insurance		40000	40000	45000
93	2205101 Miscellaneous Legal Expenses		50000	50000	50000
94	2205201 Professional & Other Fees		25000	25000	4000
95	2206001 Newspaper Advertisement Charges		125000	125000	200000
96	2208001 Festival Expenses		50000	50000	50000
97	2208099 Miscellaneous Administration Expenses		1200000	1200000	1500000
98	2302001 Water Charges - Street Tap		60000	60000	30000
	Total Administrative Expenses		**2842500**	**2742000**	**3109000**
	Operation and Maintenance - 230				
99	2301002 Fuel Charges		240000	240000	300000
100	2301003 Electricity Charges of Other Buildings of LB		330000	330000	300000
101	2304001 Vehicle Hire Charges		25000	25000	50000
102	2305001 Repairs & Maintenance - Roads and Pavements		400000	100000	60000

103	2305301 Repairs & Maintenance - Vehicles		100000	100000	100000
104	2308001 Expenses for destruction of rats and dogs		55000	55000	25000
105	2308005 Expenses relating to collection of Taxes		0	120000	100000
106	2308010 Extra - ordinary Expenses		50000	50000	50000
107	2308013 Sanitation Expenses		50000	50000	50000
108	2308201 Refreshment Charges		45000	45000	60000
	Total Operation and Maintenance		**1295000**	**1115000**	**1075000**
	Interest and Finance Charges - 240				
109	2408001 Other Finance Expenses		50000	50000	50000
	Total Interest and Finance Charges		**50000**	**50000**	**50000**
	Programe Expenses - 250				
110	2501001 Election Expenses		400000	400000	25000
111	2502001 Expenditure on Poverty Eradication Program		0	10771537	12500000
	Total Programe Expenses		**400000**	**11171537**	**12525000**
	Expenses Related to Productive Sector - 251				
112	2510101 Agriculture - Paddy		921800	921800	
113	2510102 Agriculture - Coconut		1266667	1266667	
114	2510104 Agriculture - Vegetables		230000	230000	
115	2510106 Agriculture - Tubercrops		1394456	1394456	
116	2510107 Agriculture - Fruits and Fruit Trees		389610	389610	
117	2510110 Agriculture - Floriculture		67000	67000	
118	2510112 Agriculture - Pepper		379500	379500	
119	2510113 Agriculture - Betel		127072	127072	

120	2510132 Agriculture Related Facilities		400000	400000	
121	2510136 Agrarian Disease		200000	200000	
122	2510201 Animal Husbandry - Cow		1740000	1740000	
123	2510202 Animal Husbandry - Goat		2681000	2681000	
124	2510209 Animal Husbandry - infrastructure		300000	800000	
125	2510210 Animal Husbandry - Disease Control		100000	100000	
126	2510613 Service Enterprises		1100000	2780000	
127	2510802 Water Conservation		1822400	2322400	
	NOT APPROVE PROJECT				68476288
128	2511301 Self Employment and Marketing Promotion		0	7030000	
	Total Expenses Related to Productive Sector		**13119505**	**22829505**	**68476288**
	Expenses Related to Service Sector - 252				
129	2520107 Education Related Activities		2070129	3864919	
130	2520111 Contribution towards SSA		1500000	1500000	
131	2520202 Literacy Equivalance Examination		80200	160400	
132	2520303 Reading Rooms ,Libraries - Periodicals		0	100000	
133	2520502 Arts,Culture,Sports and Youth Welfare-Infrastructure		0	800000	
134	2520503 Arts,Culture,Sports and Youth Welfare-Promotion		550000	550000	
135	2520602 Health related Programs		4060526	4060526	
136	2520618 Medical Institution - Allopathy		5665688	6161686	
137	2520619 Medical Institution - Ayurvedic		725000	725000	
138	2520620 Medical Institution - Homoeo		0	300000	

139	2520702 Drinking Water - Public		0	1791108	
140	2520801 Housing & House Electrification - Individual		13769278	14367727	
141	2520802 Child Welfare Program		725000	725000	
142	2520803 Women Welfare		1029000	1146728	
143	2520804 Welfare of the Aged		200000	284000	
144	2520805 Welfare Programs for the Destitute		1100000	2600000	
145	2520806 Welfare Programs for Physically/ Mentally Challenged		3957300	4457300	
146	2520808 Social Security Programme		1656235	1656235	
147	2521001 Anganwadi Nutrition		14971146	17903928	
148	2521002 Other Nutrition Distribution Programme		0	100000	
149	2521101 Anganwadi Infrastructure		1280000	1380000	
150	2521201 Vocational Capacity Building - Vocational Training		225000	225000	
151	2521402 Electricity Line - Transformer - Voltage Improvement		500000	500000	
152	2521601 Local Government Service Delivery Improvement		3922000	4287000	
153	2521602 Payments to INM		137248	137248	
154	2521701 Allied Institution Service Delivery Improvement		390000	390000	
155	2521901 Sanitation & Waste Management - Individual		250000	250000	
156	2521903 Public Sanitation - Related Activities		0	150000	
157	2521904 Toilet (Individual)		690000	3691800	
158	2521905 Toilet (Institution Level)		400000	400000	

159	2522201 Disaster Management - Related Services		0	120000	
160	2522303 Solid Waste Management - Preparatory Activities		76362	381810	
161	2522305 Solid Waste Management - Collection and Transportation		1961550	2061550	
162	2522310 Solid Waste Management - Disposal		2207380	2253380	
163	2522311 Solid Waste Management - Integrated Projects		0	373085	
164	2522314 Solid Waste Management - Processing Individual		4273581	5237167	
	NOT APPROVE PROJECT				8130620
165	2523201 Information and Knowledge Dissemination Capacity Development		0	275000	
	Total Expenses Related to Service Sector		**192212631**	**216779148**	**8130620**
	Expenses Related to Infrastructure Sector - 253				
166	2530101 Street Lights		3400000	6320000	
167	2530201 Roads		1640000	3571495	
168	2530202 Lanes		0	860000	
169	2530301 Public Buildings - Local Government Office Building		0	34800	
170	2530302 Public Buildings - Other Buildings		1327860	1527860	
171	2530501 Vehicle Rent for Engineering Wing		400000	400000	
	NOT APPROVE PROJECT				6447620
	Total Expenses Related to Infrastructure Sector		**6767860**	**12714155**	**6447620**

	Expenses related to State Sponsored Schemes - 254				
172	2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour		0	2419000	2419000
173	2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension		0	44153230	44153230
174	2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50		0	1012660	1012660
175	2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled		0	15085520	15085520
176	2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension		0	89215390	89215390
177	2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme		0	3108000	24000000
	Total Expenses related to State Sponsored Schemes		**0**	**155003800**	**175095800**
	Revenue Grants, Cotributions and Subsidies - 260				
178	2602301 Cutting Charges - Dangerous Trees		50000	50000	50000
	Total Revenue Grants, Cotributions and Subsidies		**50000**	**50000**	50000
	Prior Period Items - 280				
179	2808001 Prior Period Expenses		2000000	650000	
	Total Prior Period Items		**2000000**	**650000**	
	Total Revenue Expenditure		**238017996**	**443985645**	
	Capital Expenditure - 4				
	Refund of Deposits - 340				

180	3401002 Security Deposit		10000	10000	
	Total Refund of Deposits		**10000**	**10000**	
	Payment of Recoveries - 350				
181	3501102 Net Salary Payable		1308932	1308932	
182	3501107 Contribution to Other Pension Fund Payable		16170	16170	
183	3501116 Pension Contribution Payable		79192	79192	
184	3501122 Leave Salary Payable		150000	150000	
185	3501301 Employers Liabilities - Pension Contribution (NPS)		26183	100	
186	3502002 Recoveries Payable - Kerala Panchayat Employees Provident Fund		134510	134510	
187	3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees		10000	10000	
188	3502006 Recoveries Payable - Insurance Premium		23276	23276	
189	3502009 Recoveries Payable - KSFE Recovery		19200	19200	
190	3502010 Recoveries Payable - Dues to other LSGIs		48000	48000	
191	3502012 Recoveries Payable - State Life Insurance		26348	26348	
192	3502020 Recoveries Payable - Employee Share NPS		26183	26183	
193	3502022 Recoveries Payable -Medisep -Regular		10500	10500	
194	3502026 Recoveries Payable - Other Recoveries		162	162	
195	3502031 Recoveries Payable - Subscription to Provident Fund for Municipal Contingent employees		5000	5000	
196	3502032 Recoveries Payable - NPS Arrear		29542	29542	
197	3503901 Government and Other Dues Payable - Library Cess Payable		896802	896802	

198	3503005 Government and Other Dues Payable-TDS - CGST		6208	6208	
199	3503006 Government and Other Dues Payable-TDS - SGST		3104	3104	
200	3503009 Government and Other Dues Payable - SGST		162	162	
201	3505001 Liability in respect of State Cheque		1025987	615173	
	Total Payment of Recoveries		**3845461**	**3408564**	
	Fixed Assets - 410				
202	4101001 Land		0	4200000	
203	4101007 Crematorium		90000	90000	
204	4102002 Administrative Buildings		0	1750000	
205	4102005 Hospital Buildings		25000	25000	
206	4102011 Public Comfort Stations		0	1000000	
207	4102016 Other Buildings		1282267	3381226	
208	4102018 Stadium		738441	1038441	
209	4103001 Concrete Roads		24890942	53790942	
210	4103002 Black Topped Roads		15140000	53587020	
211	4103004 Footpath		1850958	2200958	
212	4103010 Culverts		250000	250000	
213	4103012 Side Walls		0	2900000	
214	4103102 Drainage		3513866	6518866	
215	4103302 Street Light		1200000	4300000	
216	4104001 Plant & Machinery		0	2200000	
217	4105001 Vehicles		900300	1050000	

218	4106001 Office & Other Equipments		50000	50000	
219	4106002 Computers, Printers & Peripherals		2045000	2230000	
220	4107001 Furniture, Fixtures, Fittings & Electrical Appliances		200000	400000	
221	4108001 Other Fixed Assets		150000	1027840	2500000
	Total Fixed Assets		**52326474**	**141950273**	**2500000**
	Loans, Advances and Deposits - 460				
222	4601001 Festival Advance to Employees		160000	146000	200000
223	4605005 Advance to Mahatma Gandhi NREGS/ AIEGS		1200000	1500000	1500000
	Total Loans, Advances and Deposits		**1360000**	**1646000**	**1700000**
	Total Capital Expenditure		**57541935**	**147054837**	**2500000**
	Total Expenditure		**295559931**	**591040482**	**43000828**
	Total Receipts		**19912542**	**626665823**	**46075347**
	Balance		**-258504891**	**9322698**	**2274464**